കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർക്ക് ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കാനുള്ള അവസാന തീയതി 2024 മാർച്ച് 31 ആയിരുന്നു. 2024 മാർച്ച് മാസത്തെ പെൻഷൻ വിതരണത്തിന് ശേഷം 2024 ഏപ്രിൽ മാസത്തെ പെൻഷൻ നല്കുന്നതിന് മുൻപായി ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തവർക്ക് 2024 ഏപ്രിൽ മാസത്തെ പെൻഷൻ ലഭിക്കുകയില്ല.ധനകാര്യ (എസ്.എഫ്.സി.ബി) വകുപ്പിന്റെ 28.03.2023 തീയതിയിലെ സ.ഉ.(കൈ) നം.58/2023/ധന നമ്പർ ഉത്തരവ് പ്രകാരം ലൈഫ് സർട്ടിഫിക്കറ്റ് സമര്പ്പിക്കുന്ന മാസം മുതല്ക്കുള്ള പെന്ഷന് മാത്രമേ ലഭിക്കുകയുള്ളൂ. ലൈഫ് സർട്ടിഫിക്കറ്റ് സമര്പ്പിക്കാത്ത കാലയളവിലെ പെൻഷൻ അര്ഹതയുണ്ടായിരിക്കുന്നതല്ല.